**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ ഫ്ലഡ് മാപ്പും റൂൾ കേർവ്വും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഡാമുകൾ തുറന്നാൽ ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നതു സംബന്ധിച്ച വിശദമായ ഫ്ലഡ് മാപ്പ് വകുപ്പിന്റെ കൈവശമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾക്ക് റൂൾ കേർവ് നിലവിലുണ്ടോ, വിശദാംശങ്ങൾ നൽകാമോ; | (ബി) | ജലവിഭവ വകുപ്പിനു കീഴിൽ വരുന്ന ചിമ്മിനി, കല്ലട, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, നെയ്യാർ, പീച്ചി, കുറ്റ്യാടി, പോത്തുണ്ടി, വാഴാനി, പേപ്പാറ എന്നീ 11 ഡാമുകൾക്ക് റൂൾ കെർവ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ചുഴലിക്കാറ്റും അതിതീവ്ര മഴയും അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ, ഇനിയൊരു പ്രളയമുണ്ടായാൽ അതിജീവിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന തീവ്രമഴയും പ്രളയ സമാന സാഹചര്യവും നേരിടുന്നതിനു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുണ്ട്. മഴക്കാലത്തിനു മുമ്പു തന്നെ ജലസേചന വകുപ്പിന് കീഴിൽ വരുന്ന എല്ലാ അണക്കെട്ടുകളുടെയും വിശദമായ പരിശോധന കേന്ദ്ര ജല കമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഡാം എഞ്ചിനീയർമാർ നടത്തുകയും ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഡാമുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ (Operation & Maintenance Manual) ആവശ്യമായ പരിഷ്കാരങ്ങളോടുകൂടി ഉൾപ്പെടുത്തി തയ്യാറാക്കി ജലസേചന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റൂൾ കർവിനനുസരിച്ച് ജലനിരപ്പ് സൂക്ഷിക്കുകയും അതിതീവ്ര മഴയുടെ അവസരത്തിൽ ഡാമിന്റെ ഫ്ലഡ് സോൺ ഉപയോഗപ്പെടുത്തി പ്രളയ സാധ്യത ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയ Flood Inundation Map ഉപയോഗിച്ച് കേരളത്തിലെ ജലസേചന വകുപ്പിന് കീഴിൽ വരുന്ന |

| | | | |
|---|---|---|---|
| | | | 13 അണക്കെട്ടുകളുടെയും 1ബാരേജിന്റെയും Emergency Action Plan തയ്യാറാക്കി ജലസേചന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചു കൊണ്ട് ദിവസേന നദീതടാടിസ്ഥാനത്തിലും സ്ഥിതിഗതികൾ വിലയിരുത്തിവരുന്നു. ഡാമുകളിൽ 24 മണിക്കൂറും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഡാമുകളിലെ ജല നിരപ്പും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ദിവസേന വിലയിരുത്തുന്നത് കൂടാതെ സാഹചര്യത്തിന്റെ തീവ്രത കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഓരോ മണിക്കൂറിലെയും സ്ഥിതിഗതികളും വിലയിരുത്താറുണ്ട്. കൂടാതെ കേരളത്തിൽ ലഭിക്കുന്ന മഴയുടെയും നദികളിലെ വെള്ളത്തിന്റെ അളവും തത്സമയം ലഭ്യമാകുന്നതിലേക്കായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (RTDAS) നടപ്പിലാക്കുന്നതിനായി 99 എണ്ണം ടിപ്പിംഗ് ബക്കറ്റ് ഗേജുകൾ, 56 എണ്ണം റഡാർ ലെവൽ സെൻസറുകൾ, 13 എണ്ണം ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. 2018 ലും 2019 ലും സംസ്ഥാനം നേരിട്ട അതിതീവ്ര മഴയും അതുമൂലം ഉണ്ടായ നാശനഷ്ടങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്ത് ഒരു വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാരംഭ പദ്ധതി എന്ന നിലയിൽ 2018 ലെ വെള്ളപ്പൊക്കത്തിൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട പെരിയാർ നദീതടം തെരഞ്ഞെടുക്കുകയും ഇതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവയുടെ സഹകരണത്തോടെ അതിതീവ്രമഴ/ പ്രളയ സാഹചര്യങ്ങളിൽ ആവശ്യമായ വിവരങ്ങൾ/ മുന്നറിയിപ്പുകൾ യഥാസമയം ജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്തെ ഡാമുകളിൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ അടിഞ്ഞുകൂടിയ ചെളി | (ഡി) | ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മംഗലം ഡാമിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | പൂർണ്ണമായും നീക്കം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം ഡാമിൽ നിന്നും 17/12/2020 മുതൽ മണൽ നീക്കം ചെയ്യുന്ന നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള special purpose vehicle (SPV) ആയ KIIDC എന്ന സ്ഥാപനത്തെയും, വാളയാർ, മീൻകര ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ KEMDEL എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018ലെ പ്രളയത്തിനുശേഷം 10 ഡാമുകളുടെയും 2 ബാരേജുകളുടെയും Bathymetry Study നടത്തുകയും അവയിൽ അടിഞ്ഞ് കൂടിയ sediments ന്റെ അളവ് കണ്ടു പിടിക്കുകയും ചെയ്തിട്ടുണ്ട്. പഴശ്ശി, കാരാപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ sedimentation study പുരോഗമിച്ചു വരികയാണ്. കൂടാതെ മലമ്പുഴ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി രേഖ തയ്യാറാക്കി വരുന്നു. മണിയാർ ഡാമിന്റെ sedimentation study നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അരുവിക്കര ഡാമിലെ ചെളി നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR ) തയ്യാറാക്കുന്നതിന് കമ്പനികളെ തിരഞ്ഞെടുക്കുന്നതിനുള്ള Expression of Interest (EOI) തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ